# മതം ശാസ്ത്രം പ്രബോധനം

**എം. എം. അക്ബർ**

ശാസ്ത്രത്തോടുള്ള മധ്യകാലചർച്ചിന്റെ നിഷേധാത്മക നിലപാടിനുള്ള സ്വാഭാവിക പ്രതികരണമെന്ന നിലയ്ക്കാണ് യൂറോപ്പിൽ ശാസ്ത്ര- മതസംഘട്ടനങ്ങൾ രൂപം പ്രാപിച്ചത്. ഈ പ്രപഞ്ചത്തിന് പിന്നിലുള്ള രഹസ്യങ്ങൾ അറിയാനുള്ള മനുഷ്യന്റെ തൃഷ്ണക്ക് മുമ്പിൽ വേദപുസ്തകമുപയോഗിച്ചുകൊണ്ട് കരിമ്പടങ്ങൾ പടക്കാൻ മതപുരോഹിതന്മാർ ധൃഷ്ടരായപ്പോൾ സ്വതന്ത്രചിന്തകരായ വ്യക്തികൾ പ്രസ്തുത കരിമ്പടങ്ങൾ കത്തിക്കുവാനാവശ്യമായ ഇന്ധനം തേടിയത് സ്വാഭാവികമായിരുന്നു. ശാസ്ത്രവിജ്ഞാനീയങ്ങളുടെ വികാസത്തിനുമുമ്പിൽ മതം തടസ്സമായിനിന്നപ്പോൾ മാനവ പുരോഗതിക്കുവേണ്ടി ശ്രമിച്ചവർക്ക് ആ മതത്തെ തട്ടിമാറ്റി മുന്നോട്ട് പോകേണ്ടിവന്നു. പ്രസ്തുത മുന്നോട്ടുള്ള ഗമനമാണ് ക്രൈസ്തവ വേദപുസ്തകത്തെക്കുറിച്ച് അന്നുവരെയുണ്ടായിരുന്ന ധാരണകളിൽ മിക്കതിന്റെയും അടിത്തറയിളക്കിയത്. വേദപുസ്തകം പറയുന്ന കാര്യങ്ങൾ അക്ഷരംപ്രതി ശരിയാണെന്ന് ശഠിച്ച ചർച്ചിന്റെ വർത്തനങ്ങൾ ശാസ്ത്രചിന്തയ്ക്ക് കൂച്ചുവിലങ്ങിടുന്ന അവസ്ഥവരെയെത്തി.

കാലാന്തരത്തിൽ ഈ അവസ്ഥയ്ക്ക് മാറ്റംവന്നു. വേദപുസ്തകം എഴുതപ്പെട്ട കാലത്ത് സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അബദ്ധസങ്കൽപങ്ങളിൽ  പലതും ബൈബിൾ പുസ്തകങ്ങളിൽ കടന്നുകൂടിയിട്ടുണ്ടെന്ന വസ്തുത അംഗീകരിക്കുവാൻ സഭ സന്നദ്ധമായി. ബൈബിളിനെപ്പറ്റി അന്നുവരെ നിലനിന്നിരുന്ന വീക്ഷാഗതിയിൽ വമ്പിച്ച മാറ്റമുണ്ടായി. ബൈബിളിന്റെ പദങ്ങൾക്കോ പ്രയോഗങ്ങൾക്കോ വാചകങ്ങൾക്കോ അപ്രമാദിത്വമില്ലെന്നും അത് മുന്നോട്ടുവെക്കുന്ന രക്ഷാകര സന്ദേശത്തിന് മാത്രമെ അപ്രമാദിത്വമുള്ളൂവെന്നും സമ്മതിക്കേണ്ട ഗതികേടിലാണ് സഭ ചെന്നെത്തിയത്. മനുഷ്യരുടെ കരവിരുതുകൾക്ക് വിധേയമാക്കപ്പെട്ട വേദങ്ങൾ കയ്യിലേന്തി അതിന്റെ അടിസ്ഥാനത്തിൽമാത്രം സമൂഹത്തെ നയിക്കാൻ പുറപ്പെട്ടതുകൊണ്ടുണ്ടായ പ്രശ്നമായിരുന്നു ഇത്.

ശാസ്ത്ര-മത സംഘട്ടനങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട സഭ പിന്നീട് അതിന്റെ രീതിയും ശൈലിയുമെല്ലാം മാറ്റിച്ചവിട്ടുന്നതാണ് നമുക്ക് കാണാൻ കഴിഞ്ഞത്. ശാസ്ത്രത്തിന്റെ ലേബലിൽ എന്തുപറഞ്ഞാലും അത് തങ്ങളാണ് ആദ്യം സ്വീകരിച്ചതെന്ന് വരുത്തിത്തീർക്കുന്ന രീതിയിൽ പ്രതികരിക്കുവാൻ ഒരുവിഭാഗം സന്നദ്ധമായി. തെളിയിക്കപ്പെട്ടതും അല്ലാത്തതുമായ ശാസ്ത്രസിദ്ധാന്തങ്ങൾക്ക് അനുസൃതമായി ബൈബിൾവചനങ്ങൾ വ്യാഖ്യാനിക്കുവാനാണ് മറ്റൊരു വിഭാഗം ധൃഷ്ടരായത്. എല്ലാ സഭാ സിദ്ധാന്തങ്ങളും ശാസ്ത്രീയമായി വ്യാഖ്യാനിക്കുവാനുള്ള ത്വരയാണ് വേറെ ചിലർ പ്രകടിപ്പിച്ചത്. ഇൻക്വിസിഷൻ കോടതികൾ വഴി ഉണ്ടായിത്തീർന്ന സഭയുടെ യശസ്സിലുള്ള കറുത്തപാടുകൾ മായ്ച്ച് കളയുവാനും യഥാർത്ഥത്തിൽ തങ്ങൾ ശാസ്ത്രത്തിന്റെ ആളുകളാണെന്ന് വരുത്തുവാനും ക്രൈസ്തവ ദർശനം മുന്നോട്ടുവെക്കുന്ന ആശയാദർശങ്ങൾ നൂറുശതമാനം ശാസ്ത്രീയമാണെന്ന് സമർത്ഥിക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള പഠനങ്ങളും കാൽവയ്പുകളും ക്രൈസ്തവലോകത്ത് ഇന്നും നടന്നുവരുന്നുണ്ട്.

ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിലുള്ള അതിന്റെ നിലപാടും വീക്ഷണവും പകൽവെളിച്ചംപോലെ വ്യക്തമാണ്. ശാസ്ത്രം മനുഷ്യരുടെ ഭൗതികവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. മറ്റേത് ഭൗതിക കാര്യങ്ങളെയുംപോലെ ശാസ്ത്രരംഗത്തും പാലിക്കപ്പെടേണ്ട വ്യക്തമായ ധാർമ്മിക നിർദ്ദേശങ്ങളുണ്ട്. ഈ ധാർമ്മിക നിർദ്ദേശങ്ങൾ കണ്ടുപിടിക്കാൻ ശാസ്ത്രീയമായ മാർഗങ്ങളുപയോഗിക്കുവാൻ കഴിയില്ല. പദാർത്ഥത്തെക്കുറിച്ച് പഠിക്കുവാൻ മാത്രമെ ശാസ്ത്രത്തിന്റെ ഉപകരണങ്ങൾ വഴി കഴിയൂ. ധർമ്മം, സത്യം, നന്മ തുടങ്ങിയവ കണ്ടുപിടിക്കുവാൻ ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിലൂടെ പോയിക്കൊണ്ട് ഒരാൾക്ക് സാധ്യമല്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പാലിക്കപ്പെടേണ്ട ധാർമ്മിക നിയമങ്ങൾ പഠിപ്പിക്കുവാനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. പ്രവാചകന്മാരിലൂടെ വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും ഇക്കാര്യത്തിനുവേണ്ടിത്തന്നെ. ധാർമ്മിക ജീവിതം നയിച്ച് മനുഷ്യാസ്തിത്വത്തെ പ്രകാശമാനമാക്കുകയും ദൈവാനുഗ്രഹത്തിന്റെ ഭവനത്തിലേക്ക് ശാശ്വത പ്രവേശം ലഭിക്കുകയും ചെയ്യണമെന്നാഗ്രഹിക്കുന്നവർ

പ്രവാചകന്മാർ പഠിപ്പിച്ച പാതയിലൂടെ ചരിക്കുകയാണ് വേണ്ടത്. അന്തിമ പ്രവാചകൻെറ നിയോഗത്തിനു ശേഷം ധാർമ്മിക വിധിവിലക്കുകളുടെ കാര്യത്തിൽ ഖുർആനും തിരുസുന്നത്തുമാണ് നമ്മെ നയിക്കുന്നത്; നയിക്കേണ്ടത്.

ഇസ്‌ലാമിൽ മത-ശാസ്ത്ര സംഘട്ടനമില്ല. ഇന്ദ്രിയങ്ങളുപയോഗിച്ചുകൊണ്ടുള്ള മനുഷ്യരുടെ പര്യവേഷണങ്ങളാണല്ലോ ശാസ്ത്രം. സ്ഥലകാല നൈരന്തര്യത്തിനകത്തെ-പദാർത്ഥലോകത്തെ-കാര്യങ്ങളെക്കുറിച്ച് സങ്കൽപിക്കുവാനും ചിന്തിക്കുവാനും മനോചിത്രങ്ങളുണ്ടാക്കുവാനും മാത്രമെ മനുഷ്യ മസ്തിഷ്കത്തിന് കഴിയൂ. മനുഷ്യമസ്തിഷ്കത്തിന് പോകാൻ കഴിയുന്ന മേഖലകളിലെല്ലാം സ്വതന്ത്രമായി വിഹരിക്കുവാൻ ഇസ്‌ലാം അതിനെ അനുവദിക്കുന്നു. അവിടെ കൂച്ചുവിലങ്ങുകളൊന്നും തന്നെയില്ല. എന്നാൽ മസ്തിഷ്കത്തിന് പോകാൻ കഴിയാത്ത മേഖലകളിലേക്ക് കടക്കാൻ അതിനെ ഇസ്‌ലാം അനുവദിക്കുന്നില്ല. പദാർത്ഥാതീതമായ അസ്തിത്വങ്ങളുമായി ബന്ധപ്പെട്ട കാലങ്ങളിലൊന്നും മനുഷ്യമസ്തിഷ്കത്തിൻെറ തീരുമാനത്തിന് പ്രസക്തിയില്ലെന്നാണ് ഇസ്‌ലാമിൻെറ നിലപാട്. സൃഷ്ടികർത്താവിൻെറ ഉൺമയെയും മരണാനന്തര ജീവിതത്തിലെ സംഭവങ്ങളെയും ധാർമ്മിക നിയമങ്ങളെയുംകുറിച്ച് ഖുർആനും സുന്നത്തും പഠിപ്പിക്കുന്ന കാര്യങ്ങൾ അപ്പടി അംഗീകരിക്കുകയും അനുസരിക്കുകയുമാണ് ചെയ്യേണ്ടത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അവയെ ബൗദ്ധികമായ വിശകലനത്തിന് വിധേയമാക്കുന്നത് വ്യർത്ഥമാണെന്ന വസ്തുത ഇസ്‌ലാം മനസ്സിലാക്കുകയും അനുയായികളെ പഠിപ്പിക്കുകയും ചെയ്യുന്നുവെന്ന് മാത്രം.

ക്രൈസ്തവലോകത്തെ ചലനങ്ങളുടെ ചുവടുപിടിച്ച് ഏത് മതതത്ത്വങ്ങളെയും ആചാരങ്ങളെയും ബൗദ്ധികമായി വ്യാഖ്യാനിക്കുവാനുള്ള ഒരു പ്രവണത ഇസ്‌ലാമിക സമൂഹത്തിലും അറിയാതെ വളർന്നുവന്നിട്ടുണ്ട്. നമ്മുടെ ബുദ്ധിക്കനുസരിച്ച് പ്രമാണങ്ങളെയും തത്വങ്ങളെയും ദുർവ്യാഖ്യാനിക്കുന്ന പ്രവണത പ്രബോധകന്മാർ കരുതലോടെയിരിക്കേണ്ട ഒരു രംഗമാണിത്. ദൈവിക മതമാണ് നാം പ്രബോധനം ചെയ്യേണ്ടത്. നമ്മുടെ പരിമിതമായ ബുദ്ധിക്കകത്തുവെച്ച് ദൈവികമതത്തെ വികലമാക്കിയശേഷമല്ല നാം ജനങ്ങൾക്ക് മുമ്പിൽ വെക്കേണ്ടത്. ഖുർആനും സുന്നത്തും വരച്ചുകാണിക്കുന്ന അതേ രീതിയിലാണ് നാം ഇസ്‌ലാമിനെ പരിചയപ്പെടുത്തേണ്ടത്. ബൗദ്ധികമായ ദുർവ്യാഖ്യാനങ്ങളാണ് നാം പ്രബോധനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതെങ്കിൽ അവിടെ അല്ലാഹുവിൻെറ സഹായമുണ്ടാവുകയില്ല. അല്ലാഹുവിന് പകരം പിശാചായിത്തീരും അപ്പോൾ നമ്മുടെ സഹായിയും കൂട്ടുകാരനും. അതുകൊണ്ടുതന്നെ പ്രബോധകർ ഏറെ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണിത്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ (ആമീൻ).